ഉത്തരം

(എ) 69 കോടതി അലക്ഷ്യകേസുകൾ ഉണ്ടായി.

(ബി) 1,81,29,333 രൂപ.

(സി) 1-3-1997 മുതൽ.

(ഡി) മുഴുവൻ കൊടുത്തു കഴിഞ്ഞു.

(ഇ) സാമ്പത്തിക ബുദ്ധിമുട്ടു കാരണമാണ്. കോടതി ഉത്തരവനുസരിച്ചുള്ള മുഴുവൻ തുകയും കൊടുത്തു കഴിഞ്ഞു.

**വർക്കലയിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ**

30 (1586) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കലയിൽ ഒരു കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ അനുവദിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയത് അനുവദിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ആവശ്യമുള്ള സ്ഥലം നൽകിയാൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ വർക്കലയിൽ ആരംഭിക്കുന്നതിന് അനുവാദം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വർക്കലയിൽ നിന്നും 20 കി. മീറ്റർ അകലത്തിൽ ആറ്റിങ്ങൽ ഡിപ്പോ പ്രവർത്തിക്കുന്നുണ്ട്. ദേശസാൽകൃത മേഖല അല്ലാത്തതിനാൽ ഇവിടെ ഒരു ഡിപ്പോ തുടങ്ങുന്നത് കെ.എസ്.ആർ.ടി.സി.-ക്ക് ലാഭകരമാകുകയില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

**ചിറക്കരയിലേക്ക് ബസ് മുടങ്ങുന്നതായി പരാതി**

31 (1587) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യുടെ കൊല്ലം ഡിപ്പോയിൽ നിന്നും കല്ലുവാതുക്കൽ വഴി ചിറക്കരയിലേക്ക് സർവ്വീസ് നടത്തിവന്നിരുന്ന രണ്ട് സർവ്വീസുകൾ ഇപ്പോൾ പതിവായി ട്രിപ്പ് മുടങ്ങുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) എത്ര ബസ് സർവ്വീസുകളാണ് ഇപ്രകാരം മുടങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly

(സി) നിർത്തലാക്കിയിട്ടുള്ള ഈ സർവ്വീസുകൾ ഓരോന്നും എത്ര വർഷം വീതം പഴക്കമുള്ള സർവ്വീസുകളാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇപ്പോൾ പതിവായി എത്ര ബസ് സർവ്വീസുകൾ ഏതൊക്കെ നഗരങ്ങളിൽ ട്രിപ്പ് നടത്തി വരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഇ) ആറ്റിങ്ങൽ, ചാത്തന്നൂർ തുടങ്ങിയ ഡിപ്പോകളിൽ നിന്നുള്ള കെ.എസ്.ആർ.ടി.സി. ബസുകൾ ചിറക്കരയിലേയ്ക്ക് സർവ്വീസ് നടത്താതിരിക്കുന്ന സാഹചര്യത്തിൽ കൊല്ലം ഡിപ്പോയിൽ നിന്നുള്ള പഴയ സർവ്വീസുകൾ പുനഃരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കല്ലുവാതുക്കൽ വഴി ചിറക്കരയിലേക്ക് ഉണ്ടായിരുന്ന അഞ്ച് ട്രിപ്പുകളിൽ മൂന്നെണ്ണം മുടങ്ങിയിട്ടുണ്ട്. കളക്ഷൻ കുറഞ്ഞതാണ് കാരണം.

(സി) ഇരുപത് വർഷത്തിൽ കൂടുതൽ പഴക്കമുള്ള ട്രിപ്പുകളാണ്.

(ഡി&ഇ) ചാത്തന്നൂർ യൂണിറ്റിൽ നിന്നും രണ്ട് ട്രിപ്പുകൾ കൊല്ലത്തു നിന്നും 07.05 നും 17.00 മണിക്കും ചിറക്കരയ്ക്ക് ഓടിക്കുന്നുണ്ട്. കൊല്ലം ഡിപ്പോയിൽ നിന്നും ചിറക്കരയ്ക്കുണ്ടായിരുന്ന അഞ്ച് ട്രിപ്പുകളിൽ നാലെണ്ണം 5-5-2000 മുതൽ ചാത്തന്നൂർ ഡിപ്പോയിൽ നിന്നും ഓടിച്ചു തുടങ്ങി. കളക്ഷൻ കുറവായതുകാരണം ഇതിൽ രണ്ട് ട്രിപ്പുകൾ പിന്നീട് നിർത്തി വച്ചു. കൊല്ലത്തു നിന്നുള്ള ഒരു ട്രിപ്പും ആറ്റിങ്ങൽ നിന്നും ചിറക്കരയ്ക്കുള്ള ട്രിപ്പുകളും കളക്ഷൻ കുറവായതുകാരണമാണ് ഓടിക്കാതിരുന്നത്. ഇക്കാരണത്താൽ പഴയ സർവ്വീസുകൾ പുനഃരാരംഭിക്കുന്നതിന് നിർവ്വാഹമില്ല.

**കൊട്ടാരക്കര സ്റ്റാന്റിലെ ടോയ്ലറ്റിന്റെ ശോച്യാവസ്ഥ**

32 (1588) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ കൊട്ടാരക്കര സ്റ്റാന്റിലുള്ള ടോയ്ലറ്റിന്റെ കരാറെടുത്തിരിക്കുന്ന വ്യക്തി ആരാണ് ; കരാർ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ടോയ്ലറ്റ് ഉപയോഗിക്കുന്നതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള ചാർജ് യഥാക്രമം സ്ത്രീകൾക്കും പുരുഷന്മാർക്കും എത്ര എന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത ടോയ്ലറ്റുകൾ ഉപയോഗിക്കുന്നതിന് വ്യത്യസ്ത തുക അവിടെ ഈടാക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ഡി) ടോയ്ലറ്റ് വൃത്തിയായി സൂക്ഷിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ടോയ്ലറ്റിൽ ആവശ്യമായ ശുദ്ധജലവും പാത്രങ്ങളും മറ്റ് സൗകര്യങ്ങളും ഇല്ല എന്ന സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പരാതി പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly